## Class IX – Malayalam Worksheet (IInd term exam)

## Portions

1. കാളകൾ
2. വിശ്വം ദീപമയം
3. കീറിപ്പൊളിഞ്ഞ ചകലാസ്
4. കവിതയുടെ മൃത്യുഞ്ജയം
5. അമ്പാടിയിലേക്ക്
6. രണ്ടു ടാക്സിക്കാർ
7. നാലിതൾപ്പൂവ്
8. സഫലമീ യാത്ര

Learn all the answers given in the notebook and one word answers from the text book

**കത്തെഴുത്ത്** (Letter writing), **ഉപന്യാസങ്ങൾ** (Essays), **ഖണ്ഡിക വായിച്ച് ഉത്തരമെഴുതുക** (Unseen comprehension)

**വ്യാകരണം** (Grammar) - സന്ധി, സമാസം, പ്രയോഗം മാറ്റുക, മഹാവാക്യമാക്കുക, തെറ്റു തിരുത്തുക.

**Non detail** - തേജസ്വിയായ വാഗ്മി

**Questions:**

1. 'ഒരു ചെറിയ ഉദാഹരണം കൊണ്ട് അങ്ങെന്നെ സത്യത്തിലേക്കു നയിച്ചു'. ആൾവാറിലെ രാജാവ് പറഞ്ഞ ആ സംഭവമെന്തായിരുന്നു?
2. തേജസ്വിയായ വാഗ്മിയായി വിവേകാനന്ദൻ മാറിയതെങ്ങനെ?
3. മാതൃരാജ്യത്തിൻെറ നരകയാതന ഇല്ലാതാക്കാൻ സ്വാമി നടത്തിയ പ്രസംഗപര്യടനത്തെക്കുറിച്ച് വിവരിക്കുക.

---

**പ്രയോഗം മാറ്റുക.**

1. നാം ഒന്നിച്ച് എത്ര കൊഴുത്ത ചവർപ്പ് കുടിച്ചു വറ്റിച്ചു.
2. ഈ ആതിര നമ്മളാൽ വരവേൽക്കപ്പെടും.
3. കുട്ടൻ മുറ്റത്ത് ഒരു പനിനീർച്ചെടി നട്ടു.
4. കുട്ടൻ അക്കൂട്ടരാൽ ഒറ്റപ്പെടുത്തപ്പെട്ടു.
5. ഞങ്ങൾ ടാക്സിഡ്രൈവറെ അത്ര ശ്രദ്ധിച്ചില്ല.
6. സ്റ്റേഷൻ മാസ്റ്ററുടെ അടുത്തേക്ക് എന്നാൽ കുതിച്ചുപായപ്പെട്ടു.
7. അക്രൂരൻ കണ്ണൻെറ ചേവടി രണ്ടുമെടുത്ത് മൗലിയിൽ ചേർത്തുവെച്ചു.
8. ഗോക്കൾ ഗോപസ്ത്രീകളാൽ പേർ ചൊല്ലി വിളിക്കപ്പെടുന്നു.
9. മരക്കട്ടിൽ പേറിക്കൊണ്ട് നാലു മനുഷ്യക്കാളകൾ നടക്കുന്നു.
10. വണ്ടിക്കൈയിൽ വണ്ടിക്കാരനാൽ കൂനിക്കൂടി ഇരിക്കപ്പെടുന്നു.
11. അമ്മ എഴുന്നേൽക്കാനായി ഒരു ശ്രമം നടത്തി.
12. തൻെറ ചെറിയ തോൽപ്പെട്ടി അയാളാൽ തിണ്ണമേൽ വെക്കപ്പെട്ടു.
13. കടലിനെ മഷിക്കുപ്പിയാക്കുന്ന ഒരു കുട്ടി ഇവിടെ എഴുതിക്കൊണ്ടേയിരിക്കുന്നു.
14. മാമ്പഴമെന്ന കവിതയിൽ മലയാളികളാൽ ഒരു പുതിയ അനുഭവം കണ്ടെത്തപ്പെട്ടു.

15. അന്തിയായാൽ മിന്നാമിനുങ്ങും വിളക്കു കത്തിക്കാൻ ത്വരയാർന്നിരിക്കുന്നു.
16. ഉഡുപംക്തിയെക്കൊണ്ട് തൽക്കാലം ഈശനാൽ ഇരുട്ടകറ്റപ്പെട്ടു.
17. രണ്ടു മണിക്കൂർ കഴിഞ്ഞ് ഞങ്ങൾ നിർദ്ദിഷ്ടസ്റ്റേഷനിൽ എത്തി.
18. ഞാൻ ഈ ജനലഴി പിടിച്ചു നിൽക്കട്ടെ.
19. പള്ളിക്കൂടത്തിലെ തോട്ടക്കാരനോടാണ് കുട്ടനാൽ പനിനീർച്ചെടിയുടെ കമ്പ് വാങ്ങിക്കപ്പെട്ടത്.
20. വിഭവസമൃദ്ധമായ അത്താഴം അമ്മയാൽ ശരിയാക്കിവെക്കപ്പെട്ടിരുന്നു.

**മഹാവാക്യമാക്കുക.**

1. കാളകൾ വണ്ടി വലിക്കുന്നു. കാളക്കാരൻ വണ്ടി തെളിക്കുന്നു.
2. അമ്മയ്ക്ക് വയസ്സായി. ഒന്നും ഓർമ്മിക്കാൻ പറ്റുന്നില്ല.
3. വൈലോപ്പിള്ളി ഭൂഗർഭകവിയായി മറഞ്ഞിരിക്കുന്നു. അദ്ദേഹത്തിന്റെ കവിതകൾ ഇന്നും ജീവിക്കുന്നു.
4. പാൽക്കുഴയേന്തി ഗോപസ്ത്രീകൾ നടക്കുന്നു. ഗോക്കളെ പേരു ചൊല്ലി വിളിക്കുന്നു.
5. യതി പുസ്തകത്തിലെ ആശയങ്ങൾ അതുപോലെ പറഞ്ഞില്ല. ഡ്രൈവർ അത് ശരിയായി പറഞ്ഞു.
6. ഞാൻ അയാളുടെ വിലാസം വാങ്ങിയിരുന്നില്ല. എന്റെ വിലാസം അയാൾക്ക് കൊടുത്തിരുന്നു.
7. കുട്ടൻ മുറ്റത്തൊരു പനിനീർച്ചെടി നട്ടു. അത് വളർന്ന് മൊട്ടണിഞ്ഞു.
8. അവർ പള്ളിക്കൂടത്തിലെ തോട്ടക്കാരനെ വാഴ്ത്തിപ്പാടി. കുട്ടന് വിഷമം തോന്നിയില്ല.
9. ഇപ്പഴങ്കൂട് ഒരു ചുമയിൽ ഇടറിവീഴാം. നീയെന്നരികത്തു തന്നെ നിൽക്കണം.
10. ഇന്നു കണ്ഠത്തിൽ നോവിത്തിരി കുറവുണ്ട്. ഞാൻ ഈ ജനലഴി പിടിച്ചൊന്നു നിൽക്കട്ടെ.

**തെറ്റു തിരുത്തുക.**

1. വ്രണിതമായ കണ്ഠത്തിൽ ഇന്ന് നോവും വേദനയും ഇത്തിരി കുറവുണ്ട്.
2. ഈ ബാക്കിയുള്ള ശിഷ്ടദിനങ്ങളിൽ ചന്തം നിറക്കുക സഖീ.
3. എല്ലാവരും ആ വയസ്സായ വൃദ്ധനെ വാഴ്ത്തിപ്പാടി.
4. കുട്ടന് പേടിയും ഹർഷവും ധാർഷ്ട്യവും സന്തോഷവും തോന്നി.
5. ഞാൻ ഉദ്ധരിക്കാൻ ശ്രമിച്ച ആ വാക്യം അദ്ദേഹം തെറ്റുകൂടാതെ ശരിയായി പറഞ്ഞു.
6. കാളകൾ തമ്മിൽ പോരടിച്ച് ദിക്കുകൾ മുഴുവൻ ധൂളിയും പൊടിയും ഉയരുന്നത് അക്രൂരൻ കണ്ടു.
7. കാറ്റിൽ തനിയേ പാടിപ്പോകുന്ന ഒരു ഷെല്ലിയൻ വീണയോ തനിക്കേറ്റ പരിക്കുകളിൽക്കൂടി പാട്ടുപാടുന്ന മുറിഞ്ഞ മുളന്തണ്ടും അല്ല വൈലോപ്പിള്ളിക്ക് കവിത.
8. അവന്റെ കത്ത് നിത്യേന എല്ലാ ദിവസവും വരാറുണ്ട്.
9. കണ്ണുകാണാത്ത അന്ധരായ കോളേജു വിദ്യാർത്ഥികളെ സഹായിക്കുകയായിരുന്നു അദ്ദേഹം.
10. നീയെന്നണിയത്ത് അടുത്തു വന്നു നിൽക്കൂ സഖീ.



2